# ഗവ. ഹയർസെക്കന്ററി സ്കൂൾ, പുളിയനം

( അല്പം ചരിത്രം )




പുളിയനം ഗവ. ഹയർസെക്കന്ററി സ്കൂൾ

*നാൽപത് വർഷങ്ങൾക്ക് മുമ്പ് പുളിയനത്തെ ഒട്ടുമിക്ക പ്രദേശങ്ങളും ശ്രീ ഭദ്രകാളി മറ്റപ്പിള്ളി മനയുടെ ഉടമസ്ഥതയിലുള്ള പാട്ടഭൂമികളായിരുന്നു. ഇവിടെ ഉയർന്ന് വന്നിട്ടുള്ള എല്ലാ നല്ല പ്രസ്ഥാനങ്ങളും മറ്റപ്പിള്ളി മനയുടെ സംഭാവനകളാണ്.*

*ഈ പ്രദേശത്തെ കുഞ്ഞുങ്ങൾക്ക് പഠിക്കാനൊരിടം കണ്ടെത്താനുള്ള അന്വേഷണം ചെന്നുനിന്നത് മറ്റപ്പിള്ളിമനയുടെ തിരുമുറ്റത്താണ്. 1947 - 48 കാലഘട്ടത്തിൽ മനയുടെ തന്നെ ഒഴിഞ്ഞുകിടന്നിരുന്ന പട്ടരുമഠം കെട്ടിടത്തിലാണ് സ്കൂൾ പിറവിയെടുത്തത്. അതിനാൽ പട്ടരുമഠം സ്കൂൾ എന്നാണ് സ്കൂൾ അറിയപ്പെട്ടിരുന്നത്. എന്നാൽ കുറച്ചുകാലം കഴിഞ്ഞപ്പോൾ പട്ടരുമഠം, മനയുടെ ആവശ്യത്തിനായി തിരിച്ചെടുക്കേണ്ടി വന്നപ്പോൾ മനയുടെ വക തന്നെ 50 സെന്റ് വസ്തുവിൽ (കളരിപ്പറമ്പ്) മനയുടെ ചെലവിൽ നിർമ്മിച്ചു നൽകിയ കെട്ടിടത്തിലേയ്ക്ക് സ്കൂളിന്റെ പ്രവർത്തനം മാറ്റി. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളാണ് അന്നുണ്ടായിരുന്നത്. 1961 -ൽ തന്നെ ഇതൊരു യു. പി സ്കൂളാക്കി. 1963 -ൽ സമ്പൂർണ്ണ യു. പി സ്കൂളായി അംഗീകാരം കിട്ടി. ശ്രീ. നാരായണപിള്ള സാറായിരുന്നു അന്ന് പ്രധാന അധ്യാപകൻ.*

*1966 -ൽ ഇതൊരു ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. അത്യാവശ്യത്തിന് വേണ്ട കെട്ടിടങ്ങൾ, കളിസ്ഥലം, ഉപകരണങ്ങൾ ഇവയെല്ലാം വിവിധ മേഖലകളിൽ നിന്നും നാട്ടുകാരിൽ നിന്നുമുള്ള സഹായത്തോടെയും നമുക്ക് നേടാൻ സാധിച്ചു. രക്ഷാകർത്തൃസമിതിയുടെ നേതൃത്വത്തിൽ ചിട്ടികൾ നടത്തപ്പെട്ടു. ശ്രീ. കാരാമൽ കൃഷ്ണപിള്ള സാറായിരുന്നു അന്ന് പി.ടി.എ. പ്രസിഡന്റ്. ഹൈസ്കൂളായി മാറിയതിനുശേഷമുള്ള ആദ്യത്തെ ഹെഡ്മാസ്റ്റർ ഇൻ ചാർജ് ശ്രീ.കെ.വർഗീസ് മാഷായിരുന്നു.*

*1969-ൽ ആദ്യ സ്കൂൾ ഫൈനൽ ബാച്ച് കടന്നുപോയി. ആ വർഷം സ്കൂൾ ഫൈനൽ പരീക്ഷാകേന്ദ്രം അങ്കമാലി സെന്റ് ജോസഫ് സ്കൂളായിരുന്നു. 1970 -ൽ പത്താം ക്ലാസ്സ് പരീക്ഷ നടത്തുവാനുള്ള പരീക്ഷാകേന്ദ്രമായി നമ്മുടെ സ്കൂൾ മാറി.*

*1997 -ൽ ഹയർസെക്കന്ററി സ്കൂൾ എന്ന പദവി നമുക്ക് ലഭിച്ചു. അതോടൊപ്പം തന്നെ കമ്പ്യൂട്ടർ പഠനവും തുടങ്ങി. ആദ്യ അദ്ധ്യയനവർഷത്തിൽ കോമേഴ്സും ഹ്യുമാനിറ്റീസുമായിരുന്നു പ്ലസ് ടു വിഷയങ്ങൾ. തുടർന്ന് 2000 -ൽ സയൻസ് ബാച്ചും തുടങ്ങി. ശ്രീമതി റീത്ത ജോൺ ഫെർണാണ്ടസായിരുന്നു ആദ്യ പ്രിൻസിപ്പാൾ ഇൻ ചാർജ്.*

*തുടർന്ന് ഇവിടുത്തെ രക്ഷാകർത്തൃസമിതികളുടെ പ്രവർത്തനഫലമായി സ്വന്തമായി ഒരു ബസ്സും വിശാലമായ ഒരു പ്ലേഗ്രൗണ്ടും നമുക്ക് സ്വന്തമായി. ഇപ്പോൾ പൂർവ്വ വിദ്യർത്ഥികളുടെയും പി.ടി.എയുടെയും ശ്രമഫലമായി ഒരു ഓഡിറ്റോറിയവും സ്കുളിന് സ്വന്തമാക്കാൻ കഴിഞ്ഞു.*

## സർഗസൃഷ്ടി



ചാന്ദ്ലാൽ ബാബു, X A

## വിസ്മയജാലകം-2014




മാസ്റ്റർ നിഖിൽ ജോസ് മാസ്റ്റർ അജിത്ത് ആത്മജൻ

പുളിയനം : പുളിയനം ഗവ.ഹയർസെക്കന്ററി സ്കൂളിൽ എറണാകുളം ജില്ലാപഞ്ചായത്തും IT സ്കൂളും ചേർന്ന് ആരംഭിച്ച വിസ്മയജാലകം സൈബർലോകത്തെ കാണാക്കാഴ്ചകൾ എന്ന IT ബോധവൽക്കരണക്ലാസ് നടത്തി. ശ്രീ.ജയദേവൻസർ, ശ്രീ.ജയൻസർ,ശ്രീ.എൽബിസർ എന്നിവർ ക്ലാസ്സിന് നേതൃത്വം നൽകി. പി.ടി.എ.പ്രസിഡന്റ് ശ്രീ.പി.എൻ. ഷാജി അധ്യക്ഷനായിരുന്നു. എറണാകുളത്ത് IT സ്കൂളിൽ വച്ച് നടന്ന വിസ്മയജാലകം ക്വിസ് മത്സരത്തിൽ എറണാകുളം ജില്ലയിലെ സ്കൂളുകളുമായി മത്സരിച്ച് പുളിയനം ഗവ.ഹയർസെക്കന്ററി സ്കൂളിലെ മാസ്റ്റർ നിഖിൽ ജോസ്, മാസ്റ്റർ അജിത്ത് ആത്മജൻ എന്നിവർ രണ്ടാം സ്ഥാനത്തിനുള്ള ട്രോഫിയും സർട്ടിഫിക്കറ്റും കരസ്ഥമാക്കി.

## ഈ വർഷം വിരമിക്കുന്ന അധ്യാപകർ



ശ്രീമതി ശ്യാമള എം. എൻ



ശ്രീമതി ത്രേസ്യ പി.പി



ശ്രീമതി ഷൈല എം.എൻ



മാസ്റ്റർ അജിത്ത്.വി



കുമാരി ബ്രിജിത് തോമസ്

റവന്യൂ ജില്ലകലോത്സവത്തിൽ പുളിയനം ഗവ. ഹയർസെക്കന്ററി സ്കൂളിലെ മാസ്റ്റർ അജിത്ത്.വി (X) ശാത്രീയസംഗീതമത്സരത്തിന് A ഗ്രേഡും കുമാരി ബ്രിജിത് തോമസ് (+1 Science) ഇംഗ്ലീഷ് പ്രസംഗമത്സരത്തിന് A ഗ്രേഡും കരസ്ഥമാക്കി.

Medha Stores
Stationary, Photostat, Ladies fancy, Cool drinks & Bakery



Opposite Govt. Higher Secondary School, Puliyanam Ph : 9495359487

ആശംസകളോടെ ...
സിമന്റ് കട
മില്ലുപടി, പുളിയനം
Ph : 9847420698

ആശംസകളോടെ ...
ദേവദേവി സ്റ്റോഴ്സ്
ഫോട്ടോസ്റ്റാറ്റ്, സ്റ്റേഷനറി & കൂൾബാർ
ആയുർവേദ ഔഷധങ്ങൾക്ക് ...
നാഗാർജ്ജുന ആയുർവേദ വൈദ്യശാല
ഏജൻസി-പുളിയനം
ഗവ. ഹയർസെക്കന്ററി സ്കൂളിന് സമീപം, പുളിയനം. Mob : 9744058857

ആശംസകളോടെ ...
ജയലക്ഷ്മി ഗാർമെന്റ്സ്
ഗവ. ഹയർസെക്കന്ററി സ്കൂളിന് സമീപം, പുളിയനം. Mob : 9946378619
പ്രമുഖ കമ്പനികളുടെ ചുരിദാർ മെറ്റീരിയൽസ്, സാരികൾ, ഉടുപ്പുകൾ എന്നിവ ലഭ്യമാണ്. നിങ്ങളുടെ അഭിരുചിക്കനുസരിച്ച് വസ്ത്രങ്ങൾ തയ്ച്ചുകൊടുക്കുന്നതാണ്.

ആശംസകളോടെ ...
പുലരി സ്റ്റോഴ്സ്
സ്റ്റേഷനറി, ബേക്കറി & കൂൾബാർ

ഗവ. ഹയർസെക്കന്ററി സ്കൂളിന് സമീപം, പുളിയനം. Mob : 9605214572

MaxPrint, Chengamanad. Ph : 9946853770